**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2306** **16-03-2022 - ൽ മറുപടിയ്ക്ക്**

**യുവതി ഓക്സിലറി ഗ്രൂപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീ ശാക്തീകരണത്തിനായുള്ള യുവതി ഓക്സിലറി ഗ്രൂപ്പുകൾ പ്രവർത്തിച്ചുതുടങ്ങിയോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | 04/06/2021 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപന പ്രകാരം സ്ത്രീ ശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക വികസനത്തിനും അതുവഴി സാമൂഹ്യ ഉന്നമത്തിനും ഉതകുന്ന അവസരങ്ങൾ ലഭ്യമാകുന്ന ഒരു വേദി ഒരുക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ ഓക്സിലറി അയൽക്കൂട്ട രൂപീകരണത്തിനായുള്ള പദ്ധതി രേഖ 02/10/2021 ലെ സ.ഉ.(സാധാ)നം. 1894/2021/ തസ്വഭവ പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. സാമൂഹികസാമ്പത്തിക, സ്ത്രീ ശാക്തീകരണ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിവിധ തൊഴിലവസരങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനുമായി 18 മുതൽ 40 വയസ്സുവരെയുള്ള സ്ത്രീകൾക്കായി ഓക്സിലറി ഗ്രൂപ്പുകൾ കുടുംബശ്രീ രൂപീകരിച്ചിട്ടുണ്ട്. 19,600 ഓക്സിലറി ഗ്രൂപ്പുകളിലായി 3,06,692 യുവതികൾ അംഗത്വം നേടിയിട്ടുണ്ട്. ഓക്സിലറി ഗ്രൂപ്പുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു. *സ്ത്രീ ശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക വികസനത്തിനും അതുവഴി സാമൂഹ്യ ഉന്നമനത്തിനുമുതകുന്ന അവസരങ്ങൾ ലഭ്യമാകുന്ന ഒരു വേദി ഒരുക്കുക. *സ്ത്രീധനം, ഗാർഹിക പീഡനങ്ങൾ തുടങ്ങി സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള ഒരു പൊതു വേദിയായി പ്രസ്തുത ഗ്രൂപ്പുകളെ ശാക്തീകരിക്കുക. *കക്ഷി രാഷ്ട്രീയ ജാതിമതവർഗ്ഗ ഭേദമന്യേ ഒരുമിച്ച് കൂടുന്നതിനും നാടിന്റെ വികസന പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നതിനും യുവതികളെ പ്രാപ്തരാക്കുക. *നിലവിലെ സാമൂഹ്യ സാഹചര്യങ്ങൾക്ക് അനുസൃതമായി നാടിന്റെ വികസന |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളിലും പൊതു വിഷയങ്ങളിലും ഇടപെടാനും ചർച്ച ചെയ്യാനും പ്രതികരിക്കാനുള്ള ആത്മവിശ്വാസം വളർത്തുവാനും ഉള്ള ഇടമാക്കി മാറ്റുക. *നിലവിൽ സ്ത്രീകളുടെ സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുന്നതിനായുള്ള ജാഗ്രത സമിതി, മദ്യത്തിനെതിരെയുള്ള വിമുക്തി, സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന സമം തുടങ്ങിയ സ്ത്രീകൾക്കു വേണ്ടിയുള്ള വിവിധ ക്യാമ്പെയിനുകൾ/ പദ്ധതികളുമായി സഹകരിച്ച് പ്രവർത്തിക്കുക. *യുവജന കമ്മീഷൻ, യുവജന ക്ഷേമബോർഡ് തുടങ്ങി യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുന്ന വിവിധ ഏജൻസിയുടെ പ്രവർത്തനങ്ങളെ പരിചയപ്പെടുത്താനും അതിലൂടെ നേട്ടങ്ങൾ കൈവരിക്കാനുമുള്ള വേദി ഒരുക്കുക. * കേന്ദ്ര സംസ്ഥാന സർക്കാരുകൾ, സഹകരണവകുപ്പ് മുതലായവ നടപ്പിലാക്കുന്ന വിവധങ്ങളായ ഉപജീവന പദ്ധതികളെ കുറിച്ച് അവബോധം സൃഷ്ടിക്കാനും ഇതുവഴി യുവതികളുടെ സുസ്ഥിര ഉപജീവനം സാധ്യമാക്കുന്നതിനുമുള്ള അവസരം ലഭ്യമാക്കുക. |
| (ബി) | യുവതി ഓക്സിലറി ഗ്രൂപ്പുകളും കുടുംബശ്രീയുമായുള്ള വ്യത്യാസങ്ങൾ വിശദീകരിക്കാമോ? | (ബി) | കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് എന്നിവ തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു:- 1) കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനമായിട്ടാണ് പ്രവർത്തിക്കുന്നത് എന്നാൽ ഓക്സിലറി ഗ്രൂപ്പ് ഒരു വാർഡിൽ ഒരു ഓക്സിലറി ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തിക്കുന്നു. 2) കുടുംബശ്രീയിൽ അയൽക്കൂട്ട പരിധിയിലെ കുടുംബത്തിൽ നിന്നും 18 തികഞ്ഞ ഒരു വനിത എന്ന നിലയിൽ 10 മുതൽ 20 വരെ അംഗങ്ങൾ അയൽക്കൂട്ടത്തിൽ ഉൾപ്പെടുന്നു. എന്നാൽ ഓക്സിലറി ഗ്രൂപ്പിൽ ഒരു വാർഡിലെ 18 മുതൽ 40 വയസ്സുവരെയുള്ള സ്ത്രീകൾ ഉൾപ്പെടുന്ന ഗ്രൂപ്പ്. പരമാവധി 50 അംഗങ്ങൾ മാത്രം ഉൾപ്പെടുന്നു. 3) കുടുംബശ്രീയിൽ സാമൂഹ്യ ശാക്തീകരണം, സാമ്പത്തിക ശാക്തീകരണം, സ്ത്രീ ശാക്തീകരണം എന്നിവയിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് എന്നാൽ ഓക്സിലറി ഗ്രൂപ്പിൽ സാമൂഹ്യ തിന്മകൾക്കെതിരെയുള്ള കൂട്ടായ്മയും ഉപജീവനമാർഗ്ഗങ്ങൾ നേടിയെടുത്ത് പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വേണ്ടി പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 4) കുടുംബശ്രീയിൽ ഒരു കുടുംബത്തിലെ ഒരു വനിതയ്ക്ക് മാത്രം അംഗത്വം ലഭിക്കുന്നു. എന്നാൽ ഓക്സിലറി ഗ്രൂപ്പിൽ ഒരു കുടുംബത്തിലെ ഒന്നിലധികം വനിതകൾക്ക് അംഗത്വം. |

സെക്ഷൻ ഓഫീസർ